# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.**1356** 11.02.2016-ലെ മറുപടിക്ക്

## സംസ്ഥാനത്തെ ദേശീയപാത വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ** | | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>(ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് എത്ര കിലോമീറ്റർ ദേശീയപാതയുണ്ട്; നാല് വരി പാതയാക്കി ദേശീയപാതയെ വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്താണ്;<br><br>**(ബി)** ഇന്നത്തെ നിലയിൽ ദേശീയപാത നാല് വരി പാതയായി വികസിപ്പിക്കുന്നതിന് എന്തു തുക ചെലവ് കണക്കാക്കുന്നു; ഭൂമി അക്വയർ ചെയ്യുന്നതിനായി കണക്കാക്കപ്പെട്ട തുക എത്ര; എന്നത്തേയ്ക്ക് നാല് വരി ദേശീയപാത സംസ്ഥാനത്ത് നിലവിൽ വരും; | **(എ) & (ബി)** | സംസ്ഥാനത്ത് ആകെ 1781.57 കി.മീ ദേശീയപാതയുണ്ട്<br><br>സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയ പാതകളായ എൻ.എച്ച് 17, എൻ.എച്ച് 47 എന്നിവ നാലുവരിപ്പാതയായി വികസിപ്പിക്കുന്നത് കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി ഫേയസ്-2 & 3-ൽ ഉൾപ്പെടുത്തി ദേശീയപാത വികസന അതോറിറ്റി മുഖാന്തിരമാണ്. ഇതിനാവശ്യമായ 1434.01 ഹെക്ടർ സ്ഥലത്തിൽ 205.54 ഹെക്ടർ ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ പുതുക്കിയ ഡി.പി.ആർ തയ്യാറാക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരികയാണ്. ഡി.പി.ആർ തയ്യാറാക്കുമ്പോൾ മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച് വിശദ വിവരം ലഭ്യമാകുകയുള്ളൂ. മറ്റ് ദേശീയ പാതകളുടെ വികസനത്തിനാവശ്യമായ സ്ഥലത്തിന്റെ വിശദാംശങ്ങൾ ഡി.പി.ആർ പൂർത്തീകരിച്ച ശേഷമേ അറിയുവാൻ കഴിയുകയുള്ളൂ. ഡി.പി.ആർ തയ്യാറാക്കി അംഗീകാരം ലഭിച്ച ശേഷമേ ആവശ്യമായ തുകയുടെ വിശദാംശം ലഭ്യമാകുകയുള്ളൂ. |

→

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ദേശീയപാത വികസന കാര്യത്തിൽ മുഖ്യപരിഗണന നല്കാതിരിക്കുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ ?

(സി) ഈ സർക്കാർ, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അത്യന്താ-പേക്ഷിതമായ ദേശീയപാതയുടെ വികസനത്തിന് മുൻഗണന നൽകി-യിട്ടുണ്ട്. സ്ഥലമെടുപ്പിലെ കാല താമസം കാരണം NH 17 ലെയും NH 47 ലെയും വികസനത്തിൽനിന്നും ദേശീയപാതാ അതോറിറ്റി പിൻമാറിയെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തര സമ്മർദ്ദത്തിന്റെയും 45 മീറ്ററിൽ സ്ഥലമേറ്റെടുത്തു നൽകാമെന്ന ഉറപ്പിന്റേയും അടിസ്ഥാന-ത്തിൽ ഈ തീരുമാനം പുന:-പരിശോധിക്കുകയും പുതുക്കിയ DPR തയ്യാറാക്കാൻ ദേശീയപാതാ അതോറിറ്റിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

Sabitha

**സെക്ഷൻ ഓഫീസർ**